നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരേയും സെക്രട്ടറിമാരെയും ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് ചേർത്ത് എല്ലാ മാസവും പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യണമെന്ന് ജില്ലാ ആസൂത്രണ സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് സമർപ്പിക്കുമ്പോൾ തന്നെ എസ്റ്റിമേറ്റും സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

പദ്ധതികാലാവധി നീട്ടുന്നതിന് നടപടി

124 (332) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക വർഷമവസാനിക്കാനിരിക്കെ നടപ്പുസാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതമുൾപ്പെടെയുള്ള ഫണ്ടുകൾ തദ്ദേശ സ്ഥാപനങ്ങളിൽ 70 ശതമാനത്തോളം ചെലവഴിക്കാതെ ബാക്കിനിൽക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനകം പദ്ധതി വിഹിതം ഉൾപ്പെടെയുള്ള ഫണ്ടുകളുടെ എത്ര ശതമാനം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി,നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യവികസനഫണ്ട്, എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിര നഗരവികസന പദ്ധതി എന്നിവയിൽനിന്ന് ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിവിഹിതം ഗണ്യമായി ഇനിയും ചെലവഴിക്കാനിരിക്കെ ചെലവഴിക്കാനുള്ള കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഏത് തീയതിവരെ നീട്ടുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 31-12-2010 വരെ നടപ്പു സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിലെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തദ്ദേശ സ്വയംഭരണ സ്ഥാപനം	ചെലവഴിച്ച തുകയുടെ ശതമാനം
ഗ്രാമപഞ്ചായത്തുകൾ	30.74
ബ്ലോക്ക് പഞ്ചായത്തുകൾ	35.19
ജില്ലാ പഞ്ചായത്തുകൾ	24.26
മുനിസിപ്പാലിറ്റികൾ	34.29
കോർപ്പറേഷനുകൾ	20.50

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി,നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യവികസനഫണ്ട് എന്നീ പദ്ധതികളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

ഇനം	ലഭിച്ച തുക (രൂപ കോടിയിൽ)	ചെലവഴിച്ച തുക (രൂപ കോടിയിൽ)
കേന്ദ്രാവിഷ്കൃത ഗ്രാമ വികസന പരിപാടികൾ	659.11	476.27
നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന ഫണ്ട്		
1. ബ്ലോക്ക് പഞ്ചായത്തുകൾ	6.75	6.75
2. ജില്ലാ പഞ്ചായത്തുകൾ	6.93	6.93
കുടുംബശ്രീ മുഖേനയുള്ള ബി.എസ്.യു.പി	32.5697	32.00
കുടുംബശ്രീ മുഖേനയുള്ള ഐ.എച്ച്.എസ്.ഡി.പി.	17.9555	24.51(മുൻ വർഷങ്ങളിൽ അനുവദിച്ച് തുകയിൽനിന്നുള്ള ചെലവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)
ശുചിത്വമിഷൻ നടപ്പിലാക്കുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞം	2.9907	2.2012
കെ.എസ്.യു.ഡി.പി. നടപ്പിലാക്കുന്ന യു.ഐ.ഡി.എസ്.എസ്.എം.റ്റി	13.6213	13.1483

എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിര നഗര വികസന പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം 279.69 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 21.00 കോടി അനുവദിച്ച് കിട്ടിയിട്ടുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പായ 124.4889 കോടി രൂപ ഉൾപ്പെടെ ഈ വർഷം ആകെ ലഭ്യമായ 145.488 കോടി രൂപയിൽ നിന്നും 71.68353 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ലെങ്കിലും മുൻ വർഷത്തെ നീക്കിയിരിപ്പിൽനിന്നും നടപ്പു സാമ്പത്തിക വർഷം സംസ്ഥാനതല നോഡൽ ഏജൻസി നഗരസഭകൾ 98.94035 കോടി രൂപ 2010 ഡിസംബർ വരെ അനുവദിക്കുകയും നഗരസഭകൾ നടപ്പു സാമ്പത്തിക വർഷം ലഭിച്ച തുകയും മുൻ നീക്കിയിരിപ്പും ചേർത്ത് 108.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011 മാർച്ച് 31-നകം പദ്ധതി വിഹിതം ഏറെക്കുറെ പൂർണ്ണമായി ചെലവഴിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചെലവഴിക്കുന്ന കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പദ്ധതി വിഹിതം നിശ്ചിത കാലാവധിയ്ക്കകം ചെലവഴിക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട വർക്ക് നൽകിയിട്ടുള്ളതും ആയതിന്റെ പുരോഗതി സമയബന്ധിതമായി വിലയിരുത്തി വരുന്നുമുണ്ട്.

ഗ്രാമസഭകളോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടമാകാതിരിക്കാൻ നടപടി

125 (333) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ത്രിതലപഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമസഭകളോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടമാകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർണ്ണായക പ്രാധാന്യമുള്ള ഗ്രാമസഭകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമായിരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. ഗ്രാമസഭകളുടെ അധികാരാവകാശങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽകൊണ്ട് വരുന്നതിന് പത്രദൃശ്യമാധ്യമങ്ങളിലൂടെ കാലാകാലങ്ങളിൽ ഇത് സംബന്ധമായ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കൂടാതെ പഞ്ചായത്തുവകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ പഞ്ചായത്ത് രാജ് മാസികയിലും ഈ വിവരം വളരെ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തി വരുന്നുമുണ്ട്. മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ തൊഴിൽവേദികൾ റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖേനയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ പ്രത്യേകമായും വേണ്ടത്ര പ്രചാരണം നൽകി സ്ത്രീകൾ, പട്ടികജാതിക്കാർ, പിന്നോക്കക്കാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളിലും വാർഡ് സഭകളിലും ജനങ്ങളുടെ പങ്കാളിത്തം ശുഷ്കമാകുന്നത് ഒഴിവാക്കുവാനും ഗ്രാമസഭായോഗങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ 2009 നവംബർ മാസത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള സഹായസംവിധാനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ഇതുകൂടാതെ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിന് വാർഷികപദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ട് നിർദ്ദേശങ്ങളും ചർച്ചചെയ്യുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly